LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ജില്ലയിലെ തിരുവപ്പതി മിൽസ് തൊഴിലാളികൾക്ക് സൗജന്യ റേഷൻ

57 [2094] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ തിരുവപ്പതി മിൽസിൽ എത്ര തൊഴിലാളികളാണ് ജോലി ചെയ്തിരുന്നത് ;

(ബി) സ്ഥാപനം പൂട്ടിയതിനുശേഷം എന്തെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ തൊഴിലാളികൾക്ക് നൽകിയത് ;

(സി) സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കുന്നതുവരെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ അരി നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) തിരുവപ്പതി മില്ലിൽ 436 തൊഴിലാളികൾ ജോലി ചെയ്തിരുന്നു.

(ബി) അടഞ്ഞുകിടക്കുന്ന സ്വകാര്യ/പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് നൽകി വരുന്ന സാമ്പത്തിക സഹായമായ 1,000 രൂപ തിരുവപ്പതി മില്ലിലെ തൊഴിലാളികൾക്കും 1999 മുതൽ നൽകി വരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

പരമ്പരാഗത കള്ളുചെത്ത് മേഖലയ്ക്ക് സഹായങ്ങൾ

58 [2095] ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇതര പരമ്പരാഗത മേഖലകളിലെ തൊഴിലാളികൾക്ക് സർക്കാർ നൽകി വരുന്ന സഹായങ്ങൾ കള്ളു ചെത്തുമേഖലയ്ക്ക് നൽകുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കുറവ് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആന്റ് (ബി) ഇതര പരമ്പരാഗത മേഖലകളിലെ തൊഴിലാളികൾക്ക് സർക്കാർ നൽകി വരുന്ന സഹായങ്ങൾ അടിസ്ഥാനമാക്കിയല്ല കള്ളു ചെത്തു മേഖലയ്ക്ക് സർക്കാർ സഹായം നൽകുന്നത്. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി നിയമം അനുസരിച്ച് ഒരോ വർഷവും ഫണ്ടിലേക്ക് ലഭിക്കുന്ന തൊഴിലാളി വിഹിതത്തിന്റെ 10 ശതമാനം തുകയാണ് ബോർഡിന് സർക്കാർ ഗ്രാന്റായി നൽകേണ്ടത്.